അവതാരിക

ബനീഞ്ഞാക്കവിത ഇരുപത്തൊന്നാം നൂറ്റാണ്ടിൽ

സിസ്റ്റർ നോയൽ റോസിന്റെ *സ്ത്രീയും ആത്മീയതയും* എന്ന പഠനഗ്രന്ഥത്തിന്റെ ഉന്നം ബനീഞ്ഞാക്കവിതയുടെ പുനർവായനയാണ്. അതിനുള്ള കൃത്യമായ തന്ത്രങ്ങൾ ഗ്രന്ഥകാരി കണ്ടെത്തിയിരിക്കുന്നു. ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധം മുതൽ ശക്തിപ്രാപിച്ച സ്ത്രീവാദംതന്നെ. ഉന്നവും തന്ത്രവും പൊരുത്തപ്പെടുത്തിക്കൊണ്ടു പോവുക അത്ര എളുപ്പമല്ല. സന്തോഷപൂർവ്വം പറയട്ടെ, ഉന്നവും തന്ത്രവും തമ്മിലുള്ള ബന്ധം കൃത്യമായി തിരിച്ചറിഞ്ഞ് സഫലമായി ഉപയോഗിക്കുന്ന കൃതിയാണ് *സ്ത്രീയും ആത്മീയതയും*. അക്കാദമിക് ചർച്ചകളിൽ രീതിശാസ്ത്രപരമായ അച്ചടക്കത്തിന്റെ പ്രാധാന്യം കൂടുതൽ വ്യക്തമായി വരികയാണ്. തത്ത്വചിന്തകനായ ഗഡാമർ (1900–2002) ട്രൂത്ത് ആൻഡ് മെതേഡ് (*Truth and Method*) (1975) എന്ന ഗ്രന്ഥത്തിൽ സൂചിപ്പിച്ചതുപോലെ മർമ്മപ്രധാനമാണു രീതിശാസ്ത്രം. പഠനരീതി മാറിയാൽ സത്യം മാറും. സത്യം പലതരമെന്ന കുറുമൊഴി ഒ. വി. വിജയൻ മലയാളികൾക്കു പരിചയപ്പെടുത്തിയിട്ടുണ്ടല്ലോ. കാതലായ തത്ത്വമാണിത്.

ബനീഞ്ഞാക്കവിതകൾ പഠിക്കാൻ സ്ത്രീവാദസിദ്ധാന്തങ്ങളും സങ്കല്പനങ്ങളും ആശയാവലികളും ഗ്രന്ഥകാരി ഉപയോഗിക്കുന്നു. അറിവിന്റെ ലിംഗപരമായ നിർണയനത്തെക്കുറിച്ച് കഴിഞ്ഞ ദശകങ്ങളിലുണ്ടായ അറിവുകൾ ബനീഞ്ഞാക്കവിതയിലേക്ക് കൂടുതൽ വെളിച്ചം പരത്തുന്നു. കവിതാപഠനത്തിലുണ്ടാവുന്ന പുതിയ മായികത കവിതയുടെ ഉണ്മയെത്തന്നെ മാറ്റിമറിക്കുന്നതായി അനുഭവപ്പെടും. ആശയം, അനുഭവം, ആഖ്യാനം എന്നിവ പരസ്പരപൂരകങ്ങളാണെന്നും അവയുടെ ഏകോപനത്തിലാണു സംവേദനം സൂക്ഷ്മതരമാകുന്നതെന്നും ഇന്നു തിരിച്ചറിയുന്നുണ്ട്. ബനീഞ്ഞാക്കവിതയെക്കുറിച്ചുള്ള വിലയിരുത്തൽ ഇത്തരത്തിൽ വികസിക്കുന്നത് നോയലിന്റെ പുസ്തകത്തിൽ കാണാം. ഉദാഹരണത്തിന്, ലോകം, ശരീരം, പിശാച്-ഇവ മൂന്നിനേയും യുദ്ധം ചെയ്തു തോല്പിച്ചിട്ടുവേണം ആത്മീയത നേടാനെന്നു കരുതിയിരുന്ന ദശകങ്ങൾ ഏറെ അകലെയല്ല. രണ്ടു ദശകം മുമ്പുണ്ടായ ഒരനുഭവം ഓർമ്മ വരുന്നു. കോട്ടയത്തു ബനീഞ്ഞാക്കവിതയെക്കുറിച്ചു നടന്ന ചർച്ചയിൽ, അവരുടെ കവിത വ്യത്യസ്തമാകുന്നതു ശരീരപരതകൊണ്ടാ

ണെന്ന് ഈ ലേഖകൻ വാദിച്ചു. ഇന്ദ്രിയതയിൽ അഭിരമിക്കുന്ന ചില പദപ്രയോഗങ്ങളും കല്പനകളും ചൂണ്ടിക്കാണിക്കുകയും ചെയ്തു. സദസ്സിലുണ്ടായിരുന്ന ഒരു പ്രശസ്ത (ക്രൈസ്തവ)കവി പൊട്ടിത്തെറിച്ചു. കന്യാസ്ത്രീയുടെ കവിതയിൽ ശരീരമോ! അതും മേരി ബനീഞ്ഞായെപ്പോലെ സാത്വികയായ ഒരു കന്യാസ്ത്രീയുടെ കവിതയിൽ. കന്യാസ്ത്രീയും കന്യാസ്ത്രീയുടെ കവിതയും ഒന്നെന്ന മട്ടിലാണ് അന്നും ഇന്നും പലരും ചിന്തിക്കുന്നതും ചർച്ച ചെയ്യുന്നതും. കർത്താവു മരിച്ചു (author is dead) എന്നൊന്നും ഉറച്ചുപറയാത്ത അക്കാലത്ത് ക്ഷോഭം പ്രകടിപ്പിച്ച ആ കവിയോട് നമുക്കു ക്ഷമിക്കാം. കാലം മാറിയിട്ടും അത്തരം കാര്യങ്ങളിൽ സാഹിത്യബോധം പുനർ നവീകരിക്കപ്പെട്ടിട്ടില്ല. റോസി തമ്പിയും സി. നോയലും ആത്മീയതയും ശരീരവും തമ്മിലുള്ള ബന്ധത്തെ എത്ര വാഴ്ത്തിപ്പാടിയാലും അതിനെ വിപരീതദ്വന്ദ്വമായി സങ്കല്പിക്കുന്നതാണ് സാമാന്യബുദ്ധി (common sense). ആ സാമാന്യബുദ്ധിയെ അപനിർമ്മിക്കുകയാണ് ഭാവുകത്വ പരിണാമത്തിനുള്ള ആദ്യത്തെ ചുവടുവയ്പ്.

മതചിന്തയിൽ ധാരാളം മാറ്റങ്ങൾ സംഭവിക്കുന്നുണ്ട്. പുരുഷകേന്ദ്രിതമായ അറിവുകളോടും അധികാരഘടനയോടും സ്വജീവിതകാലത്തു മല്ലടിച്ച സ്ത്രീകൾ ഇന്നു കൂടുതൽ സമാദരണീയരായിത്തീരുന്നു. ബനീഞ്ഞാമ്മയും നോയൽ സിസ്റ്ററും ഉൾപ്പെടുന്ന കത്തോലിക്കസഭയിൽ പുരുഷന്മാരുടെ അറിവുശൃംഖലയോടും അധികാരശൃംഖലയോടും മല്ലിട്ടുനിന്നിരുന്ന സീയന്നായിലെ കാതറേയ്നേയും (1347–1382) ആവിലയിലെ ത്രേസ്യായേയും (അമ്മത്രേസ്യാ 1515–1582) നൂറ്റാണ്ടുകൾ കഴിഞ്ഞിട്ട് 1970-ൽ സഭയിലെ വേദപണ്ഡിതരായി പ്രഖ്യാപിച്ചു. ഇതു വിധിയന്ത്രത്തിന്റെ തിരിപ്പ്. ഇങ്ങനെ പെണ്ണറിവിനും പെണ്ണുടലിനും പുതിയ കാലഘട്ടത്തിലുണ്ടാവുന്ന ജ്ഞാനപരമായ മാറ്റങ്ങൾ ഗൗനിച്ച് ബനീഞ്ഞാക്കവിത പുനരവലോകനം ചെയ്യാനുള്ള ശ്രമം തികച്ചും സമാദരണീയമാണ്. തമസ്കരിക്കപ്പെട്ട അറിവുകൾ എന്ന മട്ടിലായിരിക്കും ചിലർ ഇതിനെ കാണുന്നത്. മറ്റൊരു സാധ്യതയാണ് എനിക്കു സൂചിപ്പിക്കാനുള്ളത്. പുതിയ രീതിശാസ്ത്രം — ആശയാവലികളും സങ്കല്പനങ്ങളും സിദ്ധാന്തങ്ങളും ബനീഞ്ഞാക്കവിതയിലേക്ക് പുതുവെളിച്ചം ചൊരിയുന്നു (നോ. Caroline Ramazanoglu with Janet Hollan, 2002, *Feminist Methodology*, Sage Publications). ഇപ്പോൾ പ്രഭ ചൊരിയുന്ന എൽ. ഇ.ഡി. വിളക്കുകളും നിയോൺ വിളക്കുകളും കഴിഞ്ഞ നൂറ്റാണ്ടിലില്ലായിരുന്നു. അറിവുശൃംഖലയിലുണ്ടായ മാറ്റമാണു പുത്തൻ വെളിച്ചത്തിനു കാരണം. ബനീഞ്ഞായെ തിരിച്ചറിയുന്നതിന് മലയാളസാഹിത്യചരിത്രം പരാജയപ്പെട്ടു, പുരുഷന്മാർ എഴുത്തുകാരികളെ അവഗണിച്ചു എന്നൊക്കെ പരാതിപ്പെടുന്നതിൽ കഴമ്പുണ്ടെന്നു തോന്നുന്നില്ല. വിമർശനങ്ങൾ കാതലായ തത്ത്വങ്ങളെ മുൻനിർത്തിയാവണം. പുത്തൻ രീതിശാസ്ത്രത്തിന്റെ ഇടപെടലാണ് പുതിയ തിരിച്ചറിവുകൾ സാധ്യമാക്കി

യത്. ഇനിയും ഈ വഴിക്കു കുതിച്ചുചാട്ടങ്ങൾ ഉണ്ടായേക്കാം. ഉദാഹരണത്തിന്, ഡിജിറ്റൽ സാങ്കേതികവിദ്യയുടെ സഹായത്തോടെ ബനീഞ്ഞാക്കവിതകൾ മുഴുവൻ പാഠഖനനത്തിനു (text mining) വിധേയമാക്കാം. ഭാവവും ഭാഷയും പ്രമേയവുമെല്ലാം ചിട്ടയായി വിശകലനം ചെയ്ത് അറിവുല്പാദിപ്പിച്ച് അതിനെ വിജ്ഞാനമാക്കി വികസിപ്പിക്കാൻ കഴിഞ്ഞേക്കാം. അതാണു ഡിജിറ്റൽ മാനവികത ചൂണ്ടിക്കാട്ടുന്ന വാഗ്ദാനദേശം. പ്രസക്തമായ കാര്യം, മാറിവരുന്ന സിദ്ധാന്തങ്ങളും സാങ്കേതികവിദ്യയും ജ്ഞാനോല്പാദനത്തെ സ്വാധീനിക്കും എന്നതാണ്. തത്ത്വനിഷ്ഠമായി ധാരണയുണ്ടായാൽ അറിവിന്റെ പുതിയ ചക്രവാളങ്ങളെ ആഹ്ലാദത്തോടെ പിറുപിറുപ്പുകളില്ലാതെ സ്വീകരിച്ച് അനുഭവിക്കാൻ കഴിയും. ബനീഞ്ഞാക്കവിതയിൽ ഇത്തരമൊരു ജ്ഞാനോദയത്തിനുള്ള സാധ്യത ആരായുകയാണ് സി. നോയൽ.

പുസ്തകത്തിന്റെ ഡിസൈൻ മേൽവിവരിച്ച തന്ത്രവുമായി പൊരുത്തപ്പെട്ടുപോകുന്നു. അഥവാ, പുസ്തകത്തിന്റെ ഉന്നവും തന്ത്രവും വെളിവാകുന്നു. ഇത് ആദരണീയമായ സംവേദനകൗശലമാണ്. ഉപസംഹാരമടക്കം ആറധ്യായങ്ങളുള്ള പുസ്തകത്തിൽ തുടക്കത്തിലുള്ള മുന്ന് അധ്യായങ്ങൾ (137 പുറം) പശ്ചാത്തല വിവരണമാണ്. സ്ത്രീവാദത്തിന്റെ പുതുതത്ത്വങ്ങൾ ക്രൈസ്തവചിന്തയുടെ പശ്ചാത്തലത്തിൽ അവതരിപ്പിച്ച് മലയാളസാഹിത്യത്തെ വിലയിരുത്തുന്നു. പ്രശസ്തരായ മലയാള സാഹിത്യകാരികളെ പുനർമൂല്യനിർണയനം ചെയ്യുന്നു. ഈ സാമാന്യാവലോകനത്തിൽ കെ. പി. അപ്പനും ഇടം നല്കിയിട്ടുണ്ട്. കന്യാമറിയത്തെക്കുറിച്ചുള്ള രചനയാണ് ഇത്തരമൊരു ഉൾപ്പെടുത്തലിനു കാരണമെന്നു തോന്നുന്നു. സ്ത്രൈണ ആത്മീയതയെക്കുറിച്ച് മലയാളത്തിൽ ക്രൈസ്തവപശ്ചാത്തലത്തിൽ ചർച്ച തുടങ്ങിവെച്ച റോസി തമ്പിയുടെ സമീപനരീതി പരിശോധിക്കുന്നുണ്ട്. രീതിശാസ്ത്രപരമായ അച്ചടക്കത്തിന്റെ ഭാഗമായി ഈ സിംഹാവലോകനത്തെ പരിഗണിക്കാം. ബനീഞ്ഞാക്കവിതയെക്കുറിച്ചുള്ള ഒരു പുസ്തകത്തിൽ ബനീഞ്ഞാക്കവിതയെക്കുറിച്ചുള്ള പരാമർശങ്ങൾ രണ്ടധ്യായത്തിലേക്കു പരിമിതപ്പെട്ടുപോയി എന്നു ചിലർ പരിഭവിച്ചേക്കാം. അത്തരം പൂർവ്വപക്ഷങ്ങൾ ഉന്നയിക്കുന്നവർ ഓർമ്മിക്കേണ്ടത് പുസ്തകത്തിന്റെ ആഖ്യാനതന്ത്രമാണ്.

ബനീഞ്ഞാക്കവിതയെക്കുറിച്ചുള്ള മലയാളത്തിലെ അറിവിന് അരനൂറ്റാണ്ടിന്റെയെങ്കിലും ചരിത്രമുണ്ട്. ആ നീണ്ട അറിവുവഴിയിലെ പലതരം കണ്ടെത്തലുകളെ മനസ്സിലാക്കണമെങ്കിൽ ഇന്നിന്റെ അറിവുശീലങ്ങൾ മതിയാവുകയില്ല. ഭൂതകാലം പരദേശമാണ്. അവിടുത്തെ നാട്ടുനടപ്പുകൾ പഠിച്ചറിഞ്ഞാലേ സുഗമമായി മുന്നോട്ടുപോകാൻ കഴിയൂ. അതുപോലെയാണ് അറിവിന്റെ ഘട്ടങ്ങളും. കഴിഞ്ഞ അറുപതുവർഷത്തിനിടയിൽ സ്ത്രീയെക്കുറിച്ചും ആത്മീയതയെക്കുറിച്ചും ധാരാളം തിരിച്ചറിവുകളുണ്ടായി. പലതും മാഞ്ഞുപോവുകയും ചെയ്തു. എങ്കിലും

സാഹിത്യാഭിരുചികളിൽ അവശേഷിക്കുന്നുണ്ടാവും. ഉദാഹരണത്തിന്, കഴിഞ്ഞ ദശകങ്ങളിൽ ബനീഞ്ഞാക്കവിതയെ വിശേഷിപ്പിക്കാൻ നിർവിവാദമായി ഉപയോഗിച്ചിരുന്ന ഒരു സാങ്കേതികസംജ്ഞയാണ് 'മിസ്റ്റിസിസം'. മലയാള കവിതാചരിത്രത്തിന്റെ പൊതുപശ്ചാത്തലത്തിലും ക്രൈസ്തവസാഹിത്യത്തിന്റെ വ്യാഖ്യാനപാരമ്പര്യത്തിലും മിസ്റ്റിസിസിത്തിനു വലിയ മതിപ്പുണ്ടായിരുന്നു. ഇന്നു സാഹിത്യവിദ്യകൾ നേർവിപരീതദിശയിലാണു സഞ്ചരിക്കുന്നത്. എല്ലാ അനുഭവങ്ങളെയും അപഗൂഢവത്കരിക്കാൻ (de-mystify) ശ്രമിക്കുന്നു. മസ്തിഷ്കമാണ് ഇപ്പോൾ പ്രമാണി. മസ്തിഷ്കത്തിലെ ന്യൂറോ ശൃംഖലകൾ സ്കാനറുകളുപയോഗിച്ചു രേഖപ്പെടുത്തി പരിശോധിച്ച് അനുഭവങ്ങളെ വ്യാഖ്യാനിക്കാനും വിശദീകരിക്കാനും കഴിയും. സന്തോഷവും സന്താപവും മറ്റു രസങ്ങളുമെല്ലാം തലച്ചോറിന്റെ ചിത്രങ്ങളിലൂടെ വിശദീകരിക്കുമ്പോൾ അതൊരു ഭൗതികശൃംഖലയുടെ വിവരണമാവും. ന്യൂറോ സയൻസ് മാത്രമല്ല. മനഃശാസ്ത്രവും നരവംശശാസ്ത്രവും ഭാഷാശാസ്ത്രവും സൗന്ദര്യശാസ്ത്രവുമെല്ലാം സാങ്കേതികവിദ്യയെ ആശ്രയിക്കുന്നതോടെ സാഹിത്യവിദ്യയുടെ അടിത്തറതന്നെ മാറിമറിയുന്നു. ഭാഷയെന്ന സങ്കല്പനംതന്നെ വീണ്ടുവിചാരത്തിനു വിധേയമാവുകയാണ്. ജനപ്രിയസംസ്കാരത്തിന്റെ തരംഗങ്ങളിൽ സാഹിത്യസൗധങ്ങൾ ഉറച്ചുനിൽക്കാൻ ക്ലേശിക്കുന്നു. ഇത്രയുമെല്ലാം സംഭവിക്കുമ്പോൾ എന്തെങ്കിലും ഊടുണ്ടാവണമെങ്കിൽ ചരിത്രം വേണ്ടിവരും. സിദ്ധാന്തവും ചരിത്രവും ചേർത്തുവെച്ചു നടത്തുന്ന പൊതുചർച്ചയാണു പുസ്തകത്തിലെ ആദ്യത്തെ മൂന്ന് അധ്യായങ്ങൾ. അതൊട്ടും അധികപ്പറ്റല്ല. പുസ്തകത്തിന്റെ സമാപനഭാഗം ഭാവിയുടെ സാധ്യതകൾ ചുണ്ടിക്കാട്ടുന്നുവെന്നതും ആഹ്ലാദകരമാണ്.

ഈ പുസ്തകത്തിൽ എന്നെ ഏറ്റവും ആകർഷിച്ചത് ഗ്രന്ഥകാരി പ്രകടിപ്പിക്കുന്ന തന്റേടമാണ്. ഗ്രന്ഥകാരി എഴുതുന്നു: 'സ്ത്രീസാഹിത്യത്തിനോ സ്ത്രൈണ ആത്മീയതയ്ക്കോ പ്രോത്സാഹനമെന്നല്ല, അതു സംശയത്തിന്റെ മുൾമുനയിൽ നിരീക്ഷിക്കപ്പെടുന്ന ഒരു സമൂഹത്തിലും കാലത്തിലും സ്വത്വനിരാസംകൂടാതെ രചനകളിൽ സ്വയം ആവിഷ്കരിക്കുന്ന സി. ബനീഞ്ഞായുടെ ഇച്ഛാശക്തിയും അസാമാന്യധീരതയും കാണാതിരിക്കാനാവില്ല.' മർമ്മസ്പർശിയാണീ നിരീക്ഷണം. ഗ്രന്ഥകാരിയെക്കുറിച്ചും ഇതു പറയാൻ അവതാരികാകാരൻ നിർബ്ബന്ധിതനായിത്തീരുന്നു.

ഈ പുസ്തകത്തിന്റെ ചില്ലറ പരിമിതികൾകൂടി സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു. സാഹിത്യസമൂഹത്തിലായാലും മതസമൂഹത്തിലായാലും ഒരു ചിന്താപദ്ധതിക്കും സാർവത്രികമായ അംഗീകാരം ലഭിക്കുന്നില്ല. ഓരോ കാലഘട്ടത്തിലും അധികാരസ്ഥാനത്തിരിക്കുന്നവർ ഭൗതികാധികാരം ഉപയോഗിച്ച് അവരുടെ ജ്ഞാനത്തെ പീഠവത്കരിക്കാൻ ശ്രമിക്കും. അപ്പോഴും പൂർവപക്ഷങ്ങൾ മങ്ങൂഴത്തിലാണെങ്കിലും നില

നിൽക്കുന്നുണ്ടാവും. അധികാരത്തിന്റെ ഇടനാഴികളിൽനിന്ന് ഒഴിഞ്ഞു പോകുമ്പോഴും ഗ്രന്ഥപ്പുരകളിലും സന്ന്യാസഭവനങ്ങളിലും അടുക്കള കളിലും അത്തരം ചിന്തകൾ ബാക്കിയായി നിലനിൽക്കുന്നുണ്ടാവും. സ്വയം നഷ്ടപ്പടുത്താൻ മടിക്കാത്ത ഇക്കൂട്ടരുടെ വീരോചിതമായ പോരാ ട്ടത്തിന്റെ കഥകൾ സുലഭമാണ്. ചിലർക്കിതു സമൂഹസംഘർഷത്തിന്റെ ഭാഗമാണ്. മറ്റു ചിലർക്കിതു ആത്മീയപോരാട്ടവും.

മതപരമായ ആചാരാനുഷ്ഠാനങ്ങൾക്കു വഴിപ്പെടാത്ത ആത്മീ യതപോലുമുണ്ട്. മതഭേദങ്ങൾക്കതീതമായ ആത്മീയത എന്ന് ഇതിനെ വിശേഷിപ്പിക്കാം. ആത്മീയത ഒരു മഴവിൽ സങ്കല്പമാണ്. ബഹുവർണ്ണ ങ്ങൾ കൂടിച്ചേർന്നുണ്ടാകുന്ന ആശയാദർശങ്ങളുടെ മഴവില്ലുകൾ ഭാവി യുടെ ചക്രവാളത്തിൽനിന്നു മാഞ്ഞുപോകുന്നില്ല. ഇതു പോരാളികളെ ഉത്തേജിപ്പിക്കുകയും വിജ്ഞാനികളെ സ്ഥിരോത്സാഹികളാക്കുകയും ചെയ്യുന്നു.

സമകാലിക മലയാളസാഹിത്യത്തിന്റെ പശ്ചാത്തലത്തിൽ ഈ മഴവിൽഭംഗി കാണാവുന്നതാണ്. മാധവിക്കുട്ടി, സുഗതകുമാരി, സാറാ ജോസഫ്, റോസ് മേരി, ശാരദക്കുട്ടി, ജെ. ദേവിക തുടങ്ങിയ എഴുത്തു കാരികളുടെ രചനകൾ ആശയാവലികളിലും ആശയാദർശങ്ങളിലും എത്രയോ വ്യത്യസ്തമാണ്. ശരീരത്തോടുള്ള സമീപനത്തിൽത്തന്നെ വലിയ അന്തരമുള്ളതുപോലെ തോന്നുന്നു. ശരീരത്തെ കൊണ്ടാടുന്ന തിലും ശരീരംകൊണ്ടു പ്രതിരോധിക്കുന്നതിലും സമാനതകളെക്കാൾ വൈവിധ്യങ്ങൾ കാണാം. പക്ഷേ അവയെല്ലാം ചേർന്നു മലയാളത്തിലെ വനിതാസാഹിത്യത്തിനു മഴവിൽഭംഗി നൽകുന്നു. സുഗതകുമാരിക്കവി തകളെക്കുറിച്ചുള്ള പഠനങ്ങളിലും ഇത്തരം വൈവിധ്യം കാണാവുന്ന താണ്. സാറാ ജോസഫിന്റെ കൃതികളെക്കുറിച്ചുള്ള പഠനങ്ങളിൽ പരു ക്കൻ ജീവിതാനുഭവങ്ങളും അനുദിനജീവിതസന്ദർഭങ്ങളും കടന്നുവരു മ്പോൾ സുഗതകുമാരിക്കവിത ആത്മീയതയുടെ ഹിമാലയങ്ങളിലേക്കു നമ്മുടെ ദൃഷ്ടി ഉയർത്തിക്കൊണ്ട് വിശാലതകളിലേക്കു നമ്മെ നടത്തു ന്നു. ദേവികയുടെ സ്ത്രീവാദപരമായ നിരൂപണം സൂക്ഷ്മസൂക്ഷ്മമായ വിശദാംശങ്ങളിൽനിന്ന് അറിവുകൾ ശേഖരിച്ച് ചിന്താസൗധങ്ങൾ നിർമ്മി ക്കുന്നു. ശാരദക്കുട്ടിയാകട്ടെ, വിചിത്രമായ സാമൂഹിക യാഥാർത്ഥ്യങ്ങ ളെയും അനുദിന ജീവിതാനുഭവങ്ങളെയും ഭാഷയും ഭാവനയുംകൊണ്ട് അണിയിച്ചൊരുക്കുന്നു. ഇതു നമ്മുടെ എഴുത്തുകാരികളുടെ സർഗ്ഗാത്മ കതയാണ്. ഇത്തരത്തിൽ വൈവിധ്യപൂർണ്ണവും സമ്പന്നവുമായ ഒരു വർത്തമാനകാലത്തിൽ നിന്നുകൊണ്ട് ബനീഞ്ഞാക്കവിതയെ വിലയി രുത്തുന്നത് പുത്തൻ അറിവുവഴികളും അനുഭവവഴികളും തുറക്കും. ഇങ്ങനെ നോക്കുമ്പോൾ ചരിത്രത്തിന്റെ അനുസ്യൂതി ഭാവിയുടെ ചരി ത്രത്തിലാണ്. ഭാവിയുടെ ചരിത്രം നിർമ്മിക്കാൻ ബനീഞ്ഞാക്കവിതകൾ ഉപകരിക്കുമെന്ന വിശ്വാസമാണ് ഈ ഗ്രന്ഥത്തിന്റെ നൈതികപ്രസക്തി. ഇക്കാര്യം വേണ്ടുംവണ്ണം വിശദീകരിക്കാൻ ഗ്രന്ഥകാരി ഒരുമ്പെടുന്നി

ല്ല. ബനീഞ്ഞാക്കവിതയുടെ വൈവിധ്യമാർന്ന പാരായണങ്ങൾ ഉദാഹരിക്കാമായിരുന്നു. ഉദാഹരണത്തിന്, കൂടെക്കൂടെ ഉദ്ധരിക്കപ്പെടുന്ന ബനീഞ്ഞാക്കവിതകൾ ഏതാണ്? ഏതു കവിതകളാണ് തീരെ അവഗണിക്കപ്പെടുന്നത്? ബനീഞ്ഞാക്കവിതകൾ പാഠപുസ്തകത്തിൽ കടന്നുവരുന്നത് ഏതു രൂപത്തിലാണ്? എങ്ങിനെയാണതു വിലയിരുത്തപ്പെടുന്നത്? സാഹിത്യചരിത്രങ്ങൾ എങ്ങിനെയാണ് അടയാളപ്പെടുത്തുന്നത്? ഇതിനുള്ള ഉത്തരം പലതാണ്. വായനയിലും ആസ്വാദനത്തിലും മൂല്യനിർണ്ണയനത്തിലുമുള്ള വൈവിധ്യത്തിലൂടെ ആസ്വാദകസമൂഹത്തെക്കൂടി അടയാളപ്പെടുത്താൻ സാധിക്കും. 'വായിച്ചെടുക്കുന്നത്' എങ്ങിനെ എന്ന അന്വേഷണമായി അതു വികസിക്കും. സാഹിത്യപഠനം ഇന്നത്തെ നിലയിൽ വായനയിലാണല്ലോ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. വായനയിൽ പ്രകടമാകുന്ന ഭിന്നരുചികളെക്കുറിച്ചും വ്യത്യസ്ത പ്രതിനിധാനങ്ങളെക്കുറിച്ചും എഴുതാൻ ഗ്രന്ഥകാരി മറന്നുപോയതുപോലെ തോന്നുന്നു. കൃതിയുടെ ചേരുവ വായനയിലാണനുഭവപ്പെടുന്നത് എന്ന തിരിച്ചറിവ് ഈ ഗ്രന്ഥത്തിൽ വേണ്ടുവോളം പ്രത്യക്ഷപ്പെടുന്നില്ല. തിരഞ്ഞെടുത്ത ബനീഞ്ഞാക്കവിതകൾ മുൻനിർത്തി കൂടുതൽ ചർച്ചകൾ നടത്തിയാൽ ഈ പരിമിതി മറികടക്കാം. അതു മലയാളസാഹിത്യപഠനത്തിനു വിലപ്പെട്ട അറിവുശേഖരമായിരിക്കും.

03. 09. 2014 ഡോ. സ്കറിയാ സക്കറിയ